**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3411** **14-07-2022 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് കൃഷി ഭവനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി. പ്രസാദ് (കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കൃഷി ഭവനുകളെ സ്മാർട്ട് കൃഷി ഭവനുകൾ ആക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | സ്മാർട്ട് കൃഷി ഭവൻ പദ്ധതിയിൻ കീഴിൽ സംസ്ഥാനത്തെ മുഴുവൻ കൃഷി ഭവനുകളെയും ഘട്ടംഘട്ടമായി കൊണ്ടുവരുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ആദ്യ ഘട്ടത്തിൽ 14 കൃഷി ഭവനുകളെ RIDF പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് കൃഷി ഭവനുകളാക്കുന്നതാണ്. കൂടാതെ സംസ്ഥാന വാർഷിക പദ്ധതിയായ 'സ്മാർട്ട് കൃഷിഭവൻ' പദ്ധതിയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാൽ 28 കൃഷിഭവനുകളെ സ്മാർട്ട് കൃഷി ഭവനുകളാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. |
| (ബി) | കർഷകർക്ക് ആവശ്യമായ ക്ലാസുകളും വിവര-വിജ്ഞാന-സാങ്കേതിക സഹായങ്ങളും കൃഷി ഭവനുകളിൽ തന്നെ ഒരുക്കി കർഷക സൗഹൃദ കൃഷി ഭവനുകൾ ആക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുന്നതിനും, കർഷക സമൂഹത്തിന്റെ എല്ലാ ആവശ്യങ്ങളും ഏകജാലക സംവിധാനത്തിൽ നിറവേറ്റുന്നതിനുമാണ് "സ്മാർട്ട് കൃഷി ഭവൻ" പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. സർവ്വീസ് ഡെലിവറി, അടിസ്ഥാന സൗകര്യങ്ങൾ, ഇൻഫർമേഷൻ സിസ്റ്റം എന്നിങ്ങനെ മൂന്നു മേഖലകളിൽ കൃഷി ഭവനെ മികച്ചതാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. സ്മാർട്ട് കൃഷി ഭവന്റെ അന്തിമ രൂപം സർക്കാർ തലത്തിൽ രൂപപ്പെടുത്തുന്ന പ്രക്രിയ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ